**Rs. 25/-**

**Keraleeyam**

2019 March Vol. 20 Issue 3

# എന്തുകൊണ്ട് കൊക്കക്കോള ഒരു **ക്രിമിനലാകുന്നു?** ഒരു സാമൂഹ്യക്ഷേമ പദ്ധതികൊണ്ടും മുഖംമിനുക്കാൻ കഴിയാത്ത **അപരാധിയാകുന്നു?**

കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായി സാമൂഹ്യക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ച് പ്ലാച്ചിമടയിൽ രണ്ടാംവരവിന് ഒരുങ്ങുകയാണ് കൊക്കക്കോള കമ്പനി. ആരോഗ്യസംരക്ഷണം, കരിയർ ഡവലപ്മെന്റ്, സ്വയംതൊഴിൽ പരിശീലന പരിപാടികൾ, ട്യൂഷൻ സെന്റർ, കൃഷി, കർഷക പരിശീലനം തുടങ്ങിയ സംരംഭങ്ങളുമായായാണ് കൊക്കക്കോള രണ്ടാം വരവിന് ഒരുങ്ങുന്നത്. കൂടുതൽ ജലം ഉപയോഗിക്കാത്തതും പഞ്ചായത്തിന് കൂടി പങ്കാളിത്തം നൽകാൻ കഴിയുന്നതുമായ പദ്ധതിയാണെങ്കിൽ അനുമതി നൽകാം എന്ന നിലപാടിലാണ് പെരുമാട്ടി ഗ്രാമപഞ്ചായത്ത്. ചുരുക്കത്തിൽ സാമൂഹിക പ്രതിബദ്ധതയുടെ മറവിൽ വീണ്ടും തുറന്നുപ്രവർത്തിക്കാൻ കൊക്കക്കോളയ്ക്ക് അവസരമൊരുങ്ങുകയാണ്. രാഷ്ട്രീയാധീശത്വം കൊണ്ട് കുറ്റവിചാരണ ചെയ്യപ്പെടാതെ പോയ കോർപ്പറേറ്റ് കമ്പനി, കുറ്റകൃത്യങ്ങൾ മറച്ചുവച്ച് അന്തസ്സ് വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന ഈ ശ്രമം ജനാധിപത്യ സമൂഹം ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ പാടില്ല.

## കൊക്കക്കോളയുടെ കുറ്റകൃത്യങ്ങൾ

നിയമവിരുദ്ധമായി 8 മുതൽ 15 ലക്ഷം വരെ വെള്ളം കവർന്നെടുത്ത് ഭൂഗർഭജലം വ്യാപകമായി ശോഷണം ചെയ്തു.

■

നിഷ്കളങ്കരായ ഗ്രാമീണ കർഷകരെ കബളിപ്പിച്ച് ഘനലോഹങ്ങൾ അടങ്ങിയ മാരകമായ വ്യവസായ മാലിന്യങ്ങൾ വളമായി ഉപയോഗിക്കാൻ നൽകി. ഭൂമിയെയും ചിറ്റൂർ പുഴയേയും വിഷലിപ്തമാക്കി.

■

കമ്പനിയുടെ രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള കിണറുകളിലെ വെള്ളം കുടിക്കാനോ കുളിക്കാനോ കൊള്ളാത്തതാക്കി.

■

കൃഷിപ്പണിക്കാരായ തദ്ദേശീയ ആദിവാസി-ദലിത് ജനതയെ തൊഴിൽ രഹിതരാക്കി.

■

ഹസാർഡസ് വെയ്സ്റ്റ് നിയമപ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം ഉണ്ടാക്കാൻ നിയമപരമായി ബാധ്യതയുണ്ടായിട്ടും ചെയ്യാതിരുന്നു.

■

പ്രവർത്തനത്തിന് മുമ്പ് ലഭിക്കേണ്ട നിയമപരമായ അനുമതികൾ ലഭിക്കാതിരുന്നിട്ടും പ്രവർത്തനം തുടങ്ങി.

■

ജനങ്ങളുടെ പരാതികൾ നിഷ്പക്ഷമായി പരിഹരിക്കേണ്ട സർക്കാർ സംവിധാനങ്ങളെയും പൊതുസ്ഥാപനങ്ങളെയും വിലയ്ക്കെടുത്തു.

തദ്ദേശീയരുടെ പരാതികൾ ഒരു സമയത്തും പരിഗണിക്കാതെ കമ്പനിമൂലമല്ല പ്രശ്നങ്ങളുണ്ടായതെന്ന് കപടവാദങ്ങൾ നിരത്തി.

■

ഉത്പാദനരീതി മലിനീകരണം ഉണ്ടാക്കുന്നതാണെന്നറിഞ്ഞിട്ടും കാർഷിക സമൃദ്ധവും പാർശ്വവത്കൃതർ തിങ്ങിപ്പാർക്കുന്നതുമായ സ്ഥലത്ത് കമ്പനി സ്ഥാപിച്ചു.

■

കമ്പനിയുടെ ഉടമസ്ഥതാ സ്വഭാവം, ഉത്പാദന പ്രക്രിയയിലെ വിഷപദാർത്ഥ സ്രോതസ്സ്, പരിസ്ഥിതി ആഘാത വിവരങ്ങൾ, ലാഭവിഹിതം എന്നിവ മറച്ചുവച്ചു.

■

മനുഷ്യാരോഗ്യത്തെ അപായപ്പെടുന്ന വിഷവസ്തുക്കൾ (കീടനാശിനികൾ, കഫീൻ, ഫോസ്ഫോറിക് ആസിഡ്, എത്തലീൻ ഗ്ലൈക്കോൾ, കാർബൺ ഡൈഓക്സൈഡ്) അടങ്ങിയിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടും മൗനം പാലിച്ചു.

■

നിർമ്മാണ രഹസ്യവും ചേരുവകളും വെളിപ്പെടുത്തണമെന്നും ഉള്ളടക്കം കുപ്പികൾക്ക് പുറത്ത് രേഖപ്പെടുത്തണമെന്നുമുള്ള കോടതി ഉത്തരവ് നടപ്പാക്കുന്നതിന് പകരം നിയമവ്യവസ്ഥയ്ക്ക് മേൽ ദുസ്വാധീനം ചെലുത്തി ഒഴിഞ്ഞുമാറി.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരത്തെ ചോദ്യം ചെയ്ത് കോടതിയിൽ പോവുകയും സുപ്രീംകോടതിയെ തെറ്റിദ്ധരിപ്പിച്ച് കേസിൽ നിന്നും ഒഴിവാകുകയും ചെയ്തു.

■

സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡ് അടക്കമുള്ള പൊതുസ്ഥാപനങ്ങൾ നൽകിയ ഉത്തരവുകളെയും നഗ്നമായി ലംഘിച്ചു.

■

പ്ലാച്ചിമടയിലെ ആഘാതങ്ങൾക്ക് 216.26 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്ന സംസ്ഥാന സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിനെ തള്ളിക്കളഞ്ഞു.

പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കൊക്കക്കോള കമ്പനിയുടെ തലവന്മാർക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടും ആ കേസിന്റെ തുടർ നടപടികൾ അട്ടിമറിക്കാൻ നിരന്തരം ശ്രമിക്കുന്നു.

■

നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള നിയമസഭ പാസാക്കിയ ട്രിബ്യൂണൽ ബിൽ നിയമമായി മാറാതിരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ കോർപ്പ റേറ്റ് സ്വാധീനങ്ങൾ ഉപയോഗിച്ച് ഇതിനായി പിൻവാതിൽ ഇടപാടുകൾ നടത്തി.

### സർക്കാരുകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ചതികൾ

- കൊക്കക്കോള പോലെ സാമൂഹ്യ പ്രാധാന്യമില്ലാത്ത വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന ഒരു ബഹുരാഷ്ട്ര കോർപ്പറേറ്റ് കമ്പനിയെ വികസനത്തിന്റെ പേരിൽ ക്ഷണിച്ചുവരുത്തുക.
- ജീവനോപാധികൾക്ക് മേലുള്ള ജനങ്ങളുടെ അധികാരത്തെയും ജീവിക്കാനുള്ള അവകാശത്തെയും മാനിക്കാതെ ഭരണഘടനയുടെ അന്തഃസത്തയെ തള്ളിക്കളയുകയും ജനായത്ത മൂല്യങ്ങളിൽ നിന്നും വ്യതിചലിക്കുകയും ചെയ്യുക.
- പൊതുസ്ഥാപനങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും ജനവിരുദ്ധതയ്ക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുക. കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് വിധേയപ്പെട്ട് കൊക്കക്കോളയ്ക്കെതിരായ നിയമ നടപടികളെയും നിയമനിർമ്മാണങ്ങളെയും മരവിപ്പിക്കുക.
- കോളകമ്പനി നടത്തിയ ബോധപൂർവ്വവും നഗ്നവുമായ നിയമലംഘനങ്ങളെ കണ്ടില്ലെന്ന് നടിക്കുക. സമരം നടക്കുമ്പോഴും കൊക്കക്കോളയ്ക്ക് നികുതി ഇളവ് അനുവദിക്കുക

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com